**File No.DT/3421/2019-A9**

"ഭരണഭാഷ - മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
തീയതി: 14/12/2020

നമ്പർ: DT/3421/2019-A9(3)

**<u>ചുറ്ററിയിപ്പ്</u>**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം- പഠനാവശ്യത്തിനായി NOC അനുവദിച്ച ജീവനക്കാരെ വിടുതൽ ചെയ്യുന്നത് സംബന്ധിച്ച്

സൂചന:- 11.12.2020 തീയതിയിലെ DT/3700/2020-F3 നമ്പർ ചുറ്ററിയിപ്പ്.

2020-21, 2020-22 അധ്യയന വർഷത്തെ ട്രെയിനിംഗിനായി ഐ .ടി.ഐ യിൽ അഡ്മിഷൻ നേടിയ ട്രെയിനികൾക്ക് 14.12.2020 മുതൽ ക്ലാസുകൾ ഓൺലൈനായി ആരംഭിക്കാൻ സൂചന പ്രകാരം നിർദേശം നൽകിയിരുന്നു.

വകുപ്പിന് കീഴിൽ വിവിധ സ്ഥാപനങ്ങളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ സേവനത്തിലുള്ള ജീവനക്കാർക്ക് ഐ.ടി.ഐ.കോഴ്സ് പഠിക്കുന്നതിനായി NOC അനുവദിച്ചിട്ടുണ്ട്. ടി ജീവനക്കാരെ, NOC യുടെ അടിസ്ഥാനത്തിൽ, കോഴ്സ് തുടങ്ങുന്നതിന്റെ തൊട്ടുമുൻപുള്ള പ്രവർത്തിദിവസം വിടുതൽ ചെയ്യണം എന്ന വ്യവസ്ഥ നിലനിൽക്കെ, വിവിധ സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്യാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി ജീവനക്കാരെ **<u>ഇന്നുതന്നെ (14.12.2020 AN) വിടുതൽ ചെയ്യേണ്ടതും</u>** ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. കൂടാതെ കോഴ്സ് കാലാവധി കഴിയുന്നതിന്റെ തൊട്ടടുത്ത പ്രവർത്തി ദിവസം , മുഖ്യകാര്യാലയത്തിൽ ഹാജരായി നിയമനഉത്തരവ് കൈപറ്റാൻ നിർദേശം നൽകേണ്ടതുമാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താവ്:-എല്ലാ സ്ഥാപനമേധാവികളും.**

പകർപ്പ് :-എ 7 സെക്ഷൻ